പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4616 28.6.2013-ൽ മറുപടിക്ക്

ദ്രവമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| സംസ്ഥാനത്ത് ദ്രവമാലിന്യ സംസ്കരണപ്ലാന്റുകൾ എത്രയെണ്ണം സ്ഥാപിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ; ഇതിനായി ശുചിത്വമിഷൻ വഴി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ? | സെപ്ടിക് ടാങ്കുകളിൽ നിന്നുള്ള മാലിന്യം ശേഖരിച്ച് ജില്ലാതലത്തിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ KSUDP യുടെ പ്രോജക്റ്റിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ കൂട്ടത്തിൽ തന്നെ സെപ്റ്റേജും സംസ്കരിക്കുന്ന നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്. ഇതിൽ ആദ്യത്തെ പ്ലാന്റ് തിരുവനന്തപുരം നഗരസഭയിൽ 2013 ജൂണിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>ഇതിനായി ശുചിത്വമിഷൻ വഴി തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ